**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42** **08-06-2021 - ൽ മറുപടിയ്ക്ക്**

**കേരള റബ്ബർ ലിമിറ്റഡ് കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ** | | **Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | റബ്ബർ കർഷകരെ സഹായിക്കുന്നതിന് റബ്ബർ മേഖലയിലെ മൂല്യവർദ്ധന ലക്ഷ്യമാക്കി സിയാൽ മോഡലിൽ 02/02/19-ലെ ജി.ഒ. (എം.എസ്) 16/2019/ഐ.ഡി നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കേരള റബ്ബർ ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | മൂല്യ വർധിത റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ് " എന്ന പേരിൽ സിയാൽ മാതൃകയിൽ ഒരു കമ്പനി സർക്കാർ രൂപീകരിച്ചു .പദ്ധതിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി, സർക്കാർ നിർദേശ പ്രകാരം, കിറ്റ്കോയെ കൺസൾട്ടന്റായി കെ.എസ്.ഐ.ഡി.സി ഏർപ്പെടുത്തുകയും പദ്ധതിയുടെ കരട് ഡി.പി.ആർ കിറ്റ്കോ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉയർന്ന വളർച്ച നിരക്ക്, പ്രകൃതി ദത്ത റബ്ബറിന്റെ (എൻ.ആർ) ഉയർന്ന ഉപഭോഗം, കയറ്റുമതിയുടെ കൂടുതൽ സാധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്തു മൂല്യ വർധന സംരംഭങ്ങളുടെ ഭാഗമായി കമ്പനിയുടെ കീഴിൽ ഉൽപ്പാദനത്തിനായി മൂന്നു ഉൽപ്പന്നങ്ങൾ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഓഫ് ദി റോഡ് (ഓ ടി ആർ) ടയറുകൾ, ഹീറ്റ് റെസിസ്റ്റന്റ് ലാറ്റക്സ് ത്രെഡ്(എച് ആർ എൽ ടി), മെഡിക്കൽ ഗ്ലൗസ് എന്നിവയാണ് ഷോർട്ട് ലിസ്റ്റ് ചെയ്ത ഉൽപ്പന്നങ്ങൾ. എന്നാൽ കണ്ണൂരിൽ ഒരു മെഡിക്കൽ ഗ്ലോവ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ കേരള സർക്കാർ ഇതിനകം തന്നെ പദ്ധതിയിട്ടിരിക്കുന്നതിനാൽ ഈ ഉൽപ്പന്നത്തെ കെ.ആർ.എല്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. മൊത്തം 100 ഏക്കറിൽ മൂന്ന് ഘട്ടങ്ങളായി വികസിപ്പിക്കുന്ന പദ്ധതിക്കു മൊത്തം നിക്ഷേപം 1050 കോടി രൂപയായി കണക്കാക്കിയിരുന്നു. |
| (ബി) | പ്രസ്തുത കമ്പനിക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; | (ബി) | ഇല്ല. സംസ്ഥാന സർക്കാർ ഏറ്റെടുത്ത ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ കോട്ടയം ജില്ലയിലെ വേളൂരിലുള്ള ഭൂമിയാണ് നിലവിൽ പ്രസ്തുത പദ്ധതിക്കായി സർക്കാർ പരിഗണിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ